I/197243/2022

"ഭരണഭാഷ – മാതൃഭാഷ"

വ്യാവസായിക പരിശീലനവകുപ്പ്

(കേരള സംസ്ഥാനം)

തൊഴിൽ ഭവൻ,

തിരുവനന്തപുരം

നമ്പർ:DT/2657/2022-A5 തീയതി: 08-07-2022

**ചുറ്ററിയിപ്പ്**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് – ട്രെയിനിംഗ് ഡയറക്ടറേറ്റ് –ഫയലുകൾ തീർപ്പാക്കൽ - വകുപ്പിൽ ഫയൽ അദാലത്ത് നടത്തുന്നത് - സംബന്ധിച്ച്.

സൂചന:- 1) ഡി.റ്റി/2657/2022-എ5 (1) നമ്പരായ 09.06.2022 തീയതിയിലെ ഉത്തരവ്.
2) 24.06.2022-ലെ ഇതേ നമ്പർ ചുറ്ററിയിപ്പ്.

സൂചനകൾ പ്രകാരം ഫയൽ അദാലത്തുമായി ബന്ധപ്പെട്ട് മാർഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഫയൽ തീർപ്പാക്കൽ യത്നം സമയബന്ധിതമായി നടപ്പാക്കുന്നതിന് വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും റിപ്പോർട്ട് ലഭിക്കാത്തതിനാൽ മാത്രം ട്രെയിനിംഗ് ഡയറക്ടറേറ്റിൽ കുടിശ്ശികയായ ഫയലുകളുടെ ലിസ്റ്റ് അതാത് സ്ഥാപനങ്ങളിലേക്ക് മെയിൽ / വെബ്സൈറ്റ് മുഖേന സൂചന (2) പ്രകാരം നൽകിയിരുന്നു. എന്നാൽ സർട്ടിഫിക്കറ്റ് സെക്ഷനുമായി ബന്ധപ്പെട്ട മാന്വൽ ഫയലുകളുടെ ലിസ്റ്റ് നിൽകിയിരുന്നില്ല. ആയത് ഇതോടൊപ്പം നൽകുന്നു. ലിസ്റ്റിൽ പ്രതിപാദിച്ചിരിക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനാവശ്യമായ മറുപടി 5 ദിവസത്തിനകം ട്രെയിനിംഗ് ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന മറുപടികൾ പരിശോധിച്ചതിൽ നിന്ന് ഇടക്കാല മറുപടി പല സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന പ്രവണത കണ്ടുവരുന്നു. എന്നാൽ **ഇടക്കാല മറുപടി സ്വീകരിക്കേണ്ടതില്ല എന്ന് സർക്കാരിൽ നിന്ന് കർശന നിർദ്ദേശം ഉള്ളതിനാൽ, അങ്ങനെ ലഭിക്കുന്ന കത്തിടപാടുകൾ പരിഗണിക്കുന്നതല്ല എന്ന വിവരം കൂടി അറിയിക്കുന്നു.**

ADMINISTRATIVE OFFICER

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

**സ്വീകർത്താവ്:** എല്ലാ മേഖലാ കോ- ഓഡിനേറ്റർമാരും/എല്ലാ സ്ഥാപന മേധാവികളും (വകുപ്പ് വെബ്സൈറ്റ് മുഖേന)

**പകർപ്പ്:** എല്ലാ യൂണിറ്റ് ഓഫീസർമാരും / സെക്ഷൻ സൂപ്രണ്ടുമാരും (മുഖ്യകാര്യാലയം)